**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1609** **05-07-2022 - ൽ മറുപടിയ്ക്ക്**

**കർഷക ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | മാനന്തവാടിയിൽ കൃഷിനാശം മൂലമുണ്ടായ കടബാധ്യതയെ തുടർന്ന് കോട്ടിയൂർ സ്വദേശിയായ യുവകർഷകൻ ജീവനൊടുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **മാനന്തവാടിയിൽ കോട്ടിയൂർ സ്വദേശിയായ യുവകർഷകൻ ജീവനൊടുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് കൃഷിനാശം മൂലമുണ്ടായ കടബാദ്ധ്യതയെത്തുടർന്ന് സംഭവിച്ചതായി സ്ഥിരീകരിച്ചിട്ടില്ല.** |
| (ബി) | ബാങ്കുകളിൽ നിന്നും അയൽക്കൂട്ടങ്ങളിൽ നിന്നും സ്വകാര്യ വ്യക്തികളിൽ നിന്നും വായ്പ വാങ്ങി നടത്തിയ കൃഷി നശിച്ച ഭീമമായ നഷ്ടം ഉണ്ടായതു കാരണമാണ് കർഷകൻ ആത്മഹത്യ ചെയ്തത് എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | പരേതൻ, കേരളബാങ്ക്, കാട്ടിക്കുളം ശാഖയിൽ നിന്നും കാർഷികേതര വായ്പയായി (Non farming sector loan) 1,60,000/- രൂപയും തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 11.08.2021ന് 6,102/- രൂപയും 19.03.2022ന് 6,750/- രൂപയും 30.03.2022ന് 48,000/- രൂപയുടെയും സ്വർണ്ണ വായ്പകൾ എടുത്തിരുന്നു. ഈ ലോണുകൾ ഒന്നും കുടിശ്ശിക (overdue) ആയിട്ടില്ല. ടിയാന്റെ 300 വാഴകൾ വന്യമൃഗങ്ങൾ നശിപ്പിച്ചതായും, വാഴകൃഷി വിള ഇൻഷ്വർ ചെയ്തിട്ടില്ലെന്നും നാശനഷ്ടം കൃഷിഭവനിൽ റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നും അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഈ കർഷകൻ കർണ്ണാടകയിൽ ബന്ധുവിനോടൊപ്പം നടത്തിയ വാഴകൃഷിയിൽ നഷ്ടമുണ്ടായതായി അറിയുന്നു. പക്ഷെ കടബാധ്യതമൂലമാണ് ആത്മഹത്യ സംഭവിച്ചതെന്ന് സ്ഥിരീകരിച്ചിട്ടില്ല. |
| (സി) | കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകാനും അവരുടെ കടബാധ്യത എഴുതിത്തള്ളാനും സർക്കാർ നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രകൃതിക്ഷോഭത്തിൽ വിള നാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക നഷ്ടപരിഹാരമായി നൽകുന്നുണ്ട്. 2022-23 വർഷത്തിൽ വിള നാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിഹിതം നൽകുന്നതിനായി 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നത് എയിംസ് പോർട്ടൽ മുഖേന |

| | | | |
|---|---|---|---|
| | | | അപേക്ഷിക്കുന്ന കർഷകർക്ക് മാത്രമാണ്. അതിനാൽ യഥാസമയം അർഹമായ നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനും അംഗീകരിച്ച കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിനും സാധിക്കുന്നതാണ്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരവും അനുവദിച്ചു നൽകുന്നുണ്ട്. ഇക്കൊല്ലം 3000 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുള്ളത്.<br><br>കൂടാതെ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ **ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾക്ക് കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി രണ്ട് ലക്ഷം രൂപ വരെ കടാശ്വാസം അനുവദിച്ചു വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ